പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.149 — 4.12.2015 ൽ മറുപടിയ്ക്ക്

## മാനസികമായി വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.കെ.ബഷീർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇരുപത് ശതമാനത്തിലധികം ആളുകൾ മാനസികമായ വെല്ലുവിളികൾ നേരിടുന്നവരാണെന്ന ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ദേശീയ ശരാശരിയേക്കാൾ കൂടിയ ആത്മഹത്യാനിരക്കിന് ഇതും കാരണമാകുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (ബി) സംസ്ഥാനത്ത് ആത്മഹത്യാനിരക്ക് വർദ്ധിക്കുന്നതിന് മാനസിക വെല്ലുവിളികൾ പലപ്പോഴും കാരണമാകാറുണ്ട്. ഇതിനു പരിഹാരമായി പ്രധാനമായും ഇത്തരം മാനസിക വെല്ലുവിളികൾ നേരിടുന്നവരെ ഡിസ്ട്രിക് മെന്റൽ ഹെൽത്ത് പ്രോഗ്രാമിലൂടെ കൌൺസിലിംഗിനു വിധേയമാക്കി മാനസിക വെല്ലുവിളികളിൽ നിന്നും ഏറെക്കുറെ വിമുക്തമാക്കി ആത്മഹത്യാ പ്രവണതയിൽ നിന്നും ഒഴിവാക്കാൻ കഴിയുന്നതാണ്. |
| (സി) മാനസികമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ ഒരു സാമൂഹ്യ പ്രശ്നമായി കണ്ട് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കാമോ? | (സി) സാമൂഹ്യനീതി വകുപ്പിന്റെ ഒരു ലക്ഷ്യ ഗ്രൂപ്പാണ് പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗം. ഇവരുടെ ഉന്നമനത്തിനായി ധാരാളം പദ്ധതികൾ വകുപ്പിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇവരിൽ ഒരു വിഭാഗമാണ് മാനസിക വെല്ലുവിളികൾ നേരിടുന്നവർ. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ച് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഭക്ഷണം, താമസം, വസ്ത്രം, മരുന്നുകൾ തുടങ്ങിയവ നൽകിവരുന്നു. കൂടാതെ വകുപ്പിന്റെ ക്ഷേമസ്ഥാപനങ്ങൾ വഴിയും ഇവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നു. |

സെക്ഷൻ ഓഫീസർ